ഭരണഭാഷ – മാതൃഭാഷ
ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നമ്പർ : ബി2/162/2021/സിഇ തീയതി : 01/03/2023**

വിഷയം :– ഹാർബർ എൻജിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :– ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പ്രകാശൻ.കെ.എം. ന്റെ 05/12/2022 ലെ അപേക്ഷ.

ഹാർബർ എൻജിനീയറിംഗ് കൊയിലാണ്ടി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.സവിത.പി. 31/01/2023 ൽ പ്രായപൂർത്തി പെൻഷനിൽ വിരമിച്ചത് വഴി കൊയിലാണ്ടി സബ് ഡിവിഷനിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. അഴീക്കൽ സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പ്രകാശൻ കെ.എം. കൊയിലാണ്ടി സബ് ഡിവിഷനിലെ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് പരാമർശ പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാൻ 31/03/2024 ൽ വിരമിക്കുന്നയാളാണ്. ഉദ്യോഗത്തിൽ നിന്ന് വിരമിക്കാൻ രണ്ടു വർഷം മാത്രമുള്ള ജീവനക്കാരെ മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിൽ നിയമിക്കുവാൻ സർക്കാർ ഉത്തരവുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എൻജിനീയറിംഗ് അഴീക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പ്രകാശൻ കെ.എം. നെ കൊയിലാണ്ടി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
ശ്രീ.പ്രകാശൻ.കെ.എം.,
ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ } ഓഫീസ് മേധാവി മുഖേന

പകർപ്പ് :– 1) സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഉത്തരമേഖല
2) എക്സിക്യൂട്ടീവ് എൻജിനീയർ, കോഴിക്കോട് / കണ്ണൂർ ഡിവിഷൻ
3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കൊയിലാണ്ടി/ അഴീക്കൽ സബ് ഡിവിഷൻ
4) ചീഫ് എൻജിനീയറുടെ സി.എ
5) ഐ.റ്റി.സെൽ
6) സ്റ്റോക്ക് ഫയലിലേയ്ക്ക്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ

IT cell